THURSDAY 10/07/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/07/2025

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻബ്യൂറോ 2025 - 26 വർഷത്തിൽ **കൃഷിസമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷി മൃഗസംരക്ഷണം ക്ഷീരവികസന മേഖലകളിലെ ജീവന്റെതുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

   ഒന്നാം സമ്മാനം 25000 രൂപ

   രണ്ടാം സമ്മാനം 15000/-രൂപ

   മൂന്നാം സമ്മാനം 10000/-രൂപ

   പ്രോത്സാഹന സമ്മാനം 2000/- രൂപ വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. നെയ്യാറ്റിൻകര നഗരസഭയുടെയും കൃഷിഭവന്റെയും ബിആർസി യുടെയും നേതൃത്വത്തിൽ 'ഓണത്തിന് എന്റെ വീട്ടിലും ഒരു വട്ടിപ്പൂവ് – എന്ന പദ്ധതിക്കു തുടക്കം കുറിച്ചു. ഗവ. ജെബിഎസിൽ 'ഉൾച്ചേർന്ന വിദ്യാഭ്യാസം' നൽകുന്ന ഋഷികേശിന്റെ വീട്ടു പരിസരത്ത് കെ. ആൻസലൻ എംഎൽഎ തൈകൾനട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു.

3. കാർഷിക മേഖലയ്ക്കു പുത്തനുണർവ് പകരാൻ സമൃദ്ധി ഫ്രൂട്ട് ഗ്രാമം' പദ്ധതിക്കു തുടക്കം. പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി എന്ന ഗ്രാമത്തെ കേരളത്തിലെ ഒരു പ്രധാന പഴവർഗ ഉൽപാദനകേന്ദ്രമാക്കി മാറ്റാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി 'സമൃദ്ധി ഫ്രൂട്ട് ഫെസ്റ്റ് ഇന്നു മുതൽ 12◌ാ◌ാം തീയതി വരെ മാരാമൺ സെന്റ് ജോസഫ് കാതോലിക് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഫെസ്റ്റിൽ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പഴവർഗങ്ങളും മൂല്യവർധിത ഉൽപന്നങ്ങളും ഗുണമേന്മയുള്ള തൈകളും പ്രദർശിപ്പിക്കാനും വിൽക്കാനും കർഷകർക്ക് അവസരം ലഭിക്കും.

4. ജില്ലയിലെ എല്ലാ കർഷകരും പി എം കിസാൻ ഗുണഭോ ക്താക്കളും അക്ഷയ കേന്ദ്രങ്ങൾവഴി രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ, കരമടച്ച രസീത് എന്നിവ സഹിതമെത്തണം. ഫാർമർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രിയിൽ എൻറോൾ ചെയ്യുന്ന പിഎം കിസാൻ ഗുണഭോക്താക്കൾക്ക് ഫാർമർ ഐഡി ഭാവിയിൽ നൽകുമെന്നും അറിയിച്ചു. അവസാനതീയതി ജൂലായ് 31.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 2370773

6. റബ്ബർതൈ നടീലിനെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ, ചന്ദ്രലേഖ കെ. മറുപടി പറയും കോൾസെന്റർ നമ്പർ 0481-2576622.

7. കെ.എൽ.ഡി ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ധോണി ഫാം സീഡ് യൂണിറ്റിൽ നിന്നും തീറ്റപ്പുൽ വിളകളുടെ നടീൽ വസ്തുക്കൾ ലഭ്യമാണ്. സി.ഓ 5, റെഡ് നേപ്പിയർ, സങ്കര നേപ്പിയർ എന്നിവയ്ക്ക് 2 മുട്ടുള്ള തണ്ട് ഒന്നിന് 1 രൂപ എന്ന നിരക്കിലാണ് വില. കൂടാതെ വിത്തുകളായ ഗിനിപ്പുല്ല് ഒരു കിലോയ്ക്ക് 475/- രൂപയും, കോംഗോസിഗ്നൽ പുല്ല് ഒരു കിലോയ്ക്ക് 300/- രൂപയു മാണ് വില. വിശദ വിവരങ്ങൾക്ക് 9446004285, 9048702812 എന്നീ ഫോൺ നമ്പറുകളിലോ kidbseed@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

8. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2025 ജൂലൈ 19 മുതൽ 31 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജൂലൈ 18 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471-2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം -695004. Email ID:principaldtctvm@gmail.com

9. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 23/07/2025 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആട് വളർത്തൽ പരിശീലന പരിപാടികൾ നടത്തപ്പെടുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 9495026103 എന്ന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പറിൽ ഓഫീസ് സമയങ്ങളിൽ (രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെ) വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 21/07/2025. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

10. **<u>കാർഷിക നിർദേശം</u>**

തെങ്ങിൻ തടങ്ങളിൽ പച്ചിലവളച്ചെടികളായ പയർ, ഡെയിഞ്ച തുടങ്ങിയവയുടെ വിത്തുകൾ വിതയ്ക്കാം. 1.5 – 2 മീറ്റർ ചുറ്റളവുള്ള ഒരു തെങ്ങിൻ തടത്തിൽ 50 ഗ്രാം വിത്ത് പാകാം. രണ്ടര – മൂന്ന് മാസങ്ങൾക്ക് ശേഷം ഇവ തടത്തിൽ മണ്ണിനൊപ്പം ചേർത്ത് കൊടുക്കാവുന്നതാണ്

വള്ളിപ്പയറിന്റെ കരിമ്പൻ കേടിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പയറിന്റെ തണ്ടുകളിൽ കറുത്ത പൊട്ടുകളുണ്ടായി ക്രമേണ ഇലകൾ മഞ്ഞളിക്കുകയും പൊഴിഞ്ഞു പോവുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇത് ഒരു മഴക്കാല രോഗമാണ്. ഇതിനെ പ്രതിരോധിക്കുന്നതിന് സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിലും തണ്ടുകളിലും തളിക്കുന്നത് ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff


**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം